● 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിക്കു തിങ്കളാഴ്ച തുടക്കം

ഭൂവിപ്ലവം, വീണ്ടും

ലക്ഷംവീടു പദ്ധതിയിലൂടെ എം.എൻ. ഗോവിന്ദൻ നായർ നടത്തിയ സാമൂഹികവിപ്ലവത്തിന്റെ മറ്റൊരു പതിപ്പാണ് അടൂർ പ്രകാശിലൂടെ യുഡിഎഫ് സർക്കാർ നടത്തിയിരിക്കുന്നത്. പലരായി കയ്യേറിയ പുറമ്പോക്കു ഭൂമികളും സർക്കാർ ഭൂമികളും ഉൾപ്പെടെ 3500ൽപരം ഏക്കർ ഭൂമി ഏറ്റെടുത്തു മൂന്നു സെന്റ് വീതം അളന്ന് ഒരു ലക്ഷം പേർക്കു പതിച്ചുനൽകുന്നു. 30നു യുപിഎ അധ്യക്ഷ സോണിയ ഗാന്ധി പതിനായിരത്തോളം പേർക്കു പട്ടയം വിതരണം ചെയ്തുകൊണ്ടു 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയുടെ ഭൂവിതരണത്തിനു തുടക്കം കുറിക്കും. 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയെക്കുറിച്ചു മന്ത്രി അടൂർ പ്രകാശ് സംസാരിക്കുന്നു.

ജാവേദ് പർവേശ്

ലക്ഷം കുടുംബങ്ങൾ കൂടി ഇനി കേരളത്തിൽ ഭൂമിയുടെ അവകാശികൾ. സംസ്ഥാനത്തെ 2.44 ലക്ഷം ഭൂരഹിത കുടുംബങ്ങളിൽ ഒരുലക്ഷം പേർക്കു സ്വന്തമായൊരു തുണ്ടു ഭൂമിയെന്ന സ്വപ്നസമാനമായ നേട്ടവുമായി യുഡിഎഫ് സർക്കാർ നിൽക്കുമ്പോൾ റവന്യു മന്ത്രി അടൂർ പ്രകാശിനു സാമൂഹികപ്രവർത്തകൻ എന്ന നിലയിൽ അതു സ്വന്തം വീക്ഷണത്തെപ്പോലും മാറ്റിമറിച്ച മഹായജ്ഞവുമായി. ലക്ഷക്കണക്കിനു സാധാരണക്കാർ സ്വന്തമായി ഒരു വീടുവയ്ക്കാൻ പോലും ഭൂമിയില്ലാതെ കഴിയുമ്പോൾ തോട്ടങ്ങളെ ഭൂപരിധിയിൽ നിന്ന് ഒഴിവാക്കിയ ഭൂപരിഷ്കരണ നിയമത്തിൽ മാറ്റങ്ങൾ വേണമെന്ന് അടൂർ പ്രകാശ് ആവശ്യപ്പെടുന്നു.

ലക്ഷംവീടു പദ്ധതിയിലൂടെ എം.എൻ. ഗോവിന്ദൻ നായർ നടത്തിയ സാമൂഹികവിപ്ലവത്തിന്റെ മറ്റൊരു പതിപ്പാണ് അടൂർ പ്രകാശിലൂടെ യുഡിഎഫ് സർക്കാർ നടത്തിയിരിക്കുന്നത്. പലരായി കയ്യേറിയ പുറമ്പോക്കു ഭൂമികളും സർക്കാർ ഭൂമികളും ഉൾപ്പെടെ 3500ൽപരം ഏക്കർ ഭൂമി ഏറ്റെടുത്തു മൂന്നു സെന്റ് വീതം അളന്ന് ഒരുലക്ഷം പേർക്കു പതിച്ചുനൽകുന്നു. ഭൂമിഏറ്റെടുക്കലിനും അളന്നുതിരിക്കലിനുമായി എടുത്തതു കഷ്ടിച്ച് ഒരുവർഷം. ഇതിനു നേതൃത്വം നൽകാൻ ജില്ലകൾതോറും മന്ത്രി നിരന്തരം സഞ്ചരിച്ചു. ഓരോ ജില്ലയിലും നാലും അഞ്ചും റിവ്യു മീറ്റിങ്ങുകൾ. 30നു യുപിഎ അധ്യക്ഷ സോണിയ ഗാന്ധി പതിനായിരത്തോളം പേർക്കു പട്ടയം വിതരണം ചെയ്തുകൊണ്ടു 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയുടെ ഭൂവിതരണത്തിനു തുടക്കംകുറിക്കും. 2015ന് അകം ഭൂരഹിതരില്ലാത്ത കേരളം എന്നാണ് ഉമ്മൻ ചാണ്ടി സർക്കാരിന്റെ ലക്ഷ്യം. ഭൂരഹിതർക്കു ഭൂമി ഉറപ്പാക്കുന്ന കേന്ദ്ര നയത്തിനു വരെ മാതൃകയായ 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയെക്കുറിച്ചു മന്ത്രി അടൂർ പ്രകാശ് സംസാരിക്കുന്നു.

● ഭൂരഹിതരില്ലാത്ത കേരളം എന്ന ആശയം യഥാർഥത്തിൽ എത്രമാത്രം പ്രാവർത്തികമാണ്?

കേരളത്തിലെ ഭൂരഹിതരെക്കുറിച്ചുള്ള അന്വേഷണം ഒരു പൊതുപ്രവർത്തകൻ എന്ന നിലയിൽ എന്റെ സാമൂഹികവീക്ഷണത്തെ തന്നെ മാറ്റിമറിച്ചു. ഭൂരഹിതരെക്കുറിച്ചുള്ള കണക്ക് ആദ്യം അവിശ്വസനീയമായി തോന്നി. 2,43,928 കുടുംബങ്ങളാണു സംസ്ഥാനത്തു ഭൂരഹിതരായുള്ളത്. ഇതിൽ ഒരുലക്ഷം പേർക്കാണ് ഇപ്പോൾ മൂന്നു സെന്റ് വീതം നൽകുന്നത്. ഒരുലക്ഷം പേർക്കുള്ള ഭൂമി ആദ്യഘട്ടത്തിൽ നൽകാമെന്നു പറഞ്ഞപ്പോൾ മുഖ്യമന്ത്രി പോലും ആദ്യമൊന്ന് അവിശ്വസിച്ചു. പക്ഷേ, ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവരുടെ പിന്തുണമൂലം അതു പ്രാവർത്തികമായി. ബാക്കിയുള്ള ഒന്നരലക്ഷത്തോളം പേർക്കു നേരത്തേ പ്രഖ്യാപിച്ച പോലെ 2015ന് അകം ഭൂമി നൽകും. കണ്ണൂരും കാസർകോടും ആദ്യഘട്ടത്തിൽ തന്നെ ഭൂരഹിതരില്ലാത്ത ജില്ലയായി മാറും.

അടൂർ പ്രകാശ്

● ഒരുലക്ഷം പേർക്കു ഭൂമി കണ്ടെത്തുക തന്നെ ഏറെ കഠിനമായിരുന്നു. ബാക്കിയുള്ളവർക്ക് എങ്ങനെ ഭൂമി കണ്ടെത്തും?

സർക്കാർഭൂമി കൊണ്ടുമാത്രം മറ്റുള്ളവർക്കു ഭൂമി നൽകാനാവില്ല. ആയിരക്കണക്കിന് ഏക്കർ ഭൂമി അന്യായമായി കൈവശംവയ്ക്കുന്നവർ ഇവിടെയുണ്ട്. പ്രത്യേക സാഹചര്യത്തിൽ ഭൂപരിഷ്കരണ നിയമത്തിൽ ആനുകൂല്യം ലഭിച്ചവരാണ് ഇവർ. ഒരു സെന്റ് പോലുമില്ലാതെ ലക്ഷക്കണക്കിനു ജനങ്ങൾ ഈ നാട്ടിൽ കഴിയുമ്പോൾ ഇത്തരം ആനുകൂല്യങ്ങൾ ഈ സാഹചര്യത്തിൽ അവർ അനുഭവിക്കണോ എന്നു രാഷ്ട്രീയനേതൃത്വവും പൊതുജനങ്ങളും തീരുമാനിക്കണം. അതു കേരളത്തിന്റെ പുരോഗതിക്കു ഗുണകരമല്ല എന്നാണ് എന്റെ അഭിപ്രായം. ഇപ്പോഴത്തെ ഒരുലക്ഷം പേരുടെ പട്ടയവിതരണത്തിനു ശേഷം പൊതുസമൂഹത്തിന്റെ സഹായം സർക്കാർ തേടും. വ്യക്തികളും സ്ഥാപനങ്ങളും മതസംഘടനകളും അവരുടെ കൈവശമുള്ള ഭൂമിയുടെ ഒരുപങ്ക് ഈ സദുദ്യമത്തിനു വിട്ടുനൽകി അവരുടെ സാമൂഹിക പ്രതിബദ്ധത തെളിയിക്കണം. ഇതിനായി സർക്കാർ പൊതുസമൂഹത്തിനു മുന്നിൽ അഭ്യർഥന നടത്തും. മരിച്ചുപോയ സ്വന്തം പിതാവിന്റെ ഓർമയ്ക്കായി ഒരേക്കർ ഭൂമി പാവങ്ങൾക്കു വീടുവയ്ക്കാനായി വിട്ടുനൽകണമെന്ന് ഒരാൾ തീരുമാനിച്ചാൽ ഭൂമി വിട്ടുനൽകുന്നയാളുടെ അഭിലാഷത്തിനനുസരിച്ച് അത്തരം താമസസ്ഥലങ്ങൾ സർക്കാർ ഒരുക്കും.

● ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ പശ്ചാത്തലത്തിൽ ഭൂപരിഷ്കരണ നിയമത്തിൽ ഇളവുകൾ ലഭിച്ച തോട്ടങ്ങളുടെ ഭൂമി ഏറ്റെടുക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ?

നിയമനിർമാണം നടത്താതെ തന്നെ പദ്ധതിക്കാവശ്യമായ ഭൂമി ലഭ്യമാക്കണമെന്നാണു റവന്യുവകുപ്പിന്റെ ആഗ്രഹം. ആ ആഗ്രഹം പ്രാവർത്തികമാകുമെന്ന വിശ്വാസം മന്ത്രിയെന്ന നിലയിൽ എനിക്കുതന്നെയില്ല. ഉൽപാദനക്ഷമത കുറയുമെന്നു പറഞ്ഞാണു തോട്ടങ്ങൾക്കു മുൻപു ഭൂപരിധി വയ്ക്കാതിരുന്നത്. ഇതു തെറ്റാണെന്ന് ഇപ്പോൾ വ്യക്തമായിട്ടുണ്ട്. റബറിനു വിലകൂടിയ കാലത്തും തോട്ടങ്ങൾ നഷ്ടക്കണക്കാണു കാണിക്കുന്നത്. ഇവിടെയുള്ള തൊഴിലാളികളുടെ ജീവിതനിലവാരം മൃഗതുല്യമാണ്. എന്റെ നിയോജകമണ്ഡലത്തിലെ തോട്ടത്തിലെ ലയത്തിൽ വൈദ്യുതി കണക്ഷൻപോലും നൽകാൻ തോട്ടം ഉടമ തയാറായിട്ടില്ല. സ്വകാര്യതോട്ടത്തിലെ വീടുകളിൽ എംഎൽഎ ഫണ്ടിൽ നിന്നും പഞ്ചായത്തിന്റെ ഫണ്ടിൽ നിന്നുമാണു വൈദ്യുതി കണക്ഷൻ നൽകുന്നത്. 60,000 ഏക്കർ സ്ഥലം അനധികൃതമായി കൈവശം വയ്ക്കുന്ന ഹാരിസൺ കമ്പനി ഇതിനു ന്യായമായി പറയുന്നത് 13,000 തൊഴിലാളികൾക്കു തൊഴിൽ നൽകുന്നുവെന്നാണ്. ഇത്തരം തൊഴിലാളികളുടെ സ്ഥിതിയാണു നേരത്തേ പറഞ്ഞത്. ഇത്തരം തോട്ടങ്ങൾ സർക്കാർ ഏറ്റെടുത്തേ മതിയാകൂ. ഇക്കാര്യത്തിൽ വിവിധ രാഷ്ട്രീയ സംഘടനകൾ യോജിപ്പിലെത്തണം.

● ഒരുലക്ഷം പേർക്കു ഭൂമി കണ്ടെത്തുന്നതിനുള്ള വെല്ലുവിളികൾ എന്തായിരുന്നു? ഭൂമാഫിയയെ നേരിൽ കണ്ടോ?

ഭൂമാഫിയുടെ ഒരു മുഖം തീർച്ചയായും ഈ പദ്ധതിക്കിടയിൽ കണ്ടുകഴിഞ്ഞു. കഴിഞ്ഞ ഒക്ടോബറിലാണു ഭൂമി കണ്ടെത്തുന്നതിനുള്ള നടപടി ആരംഭിച്ചത്. സർക്കാരിന് അന്യാധീനപ്പെട്ട ഭൂമിയായിരുന്നു ഇതിൽ പലതും. കയ്യേറ്റക്കാരെ ഒഴിപ്പിച്ചപ്പോൾ പല കോണുകളിൽ നിന്നും സമ്മർദം വന്നു. സ്വന്തം പാർട്ടിക്കാരും നേതാക്കളും ഇക്കൂട്ടത്തിലുണ്ടായിരുന്നു.

ഒരു സമ്മർദത്തിനും സർക്കാർ വഴങ്ങിയില്ല. ഭൂമാഫിയയ്ക്കു വേണ്ടി എല്ലാ വിഭാഗവും ഒന്നിച്ചുനിന്ന ഒട്ടേറെ സംഭവങ്ങൾക്കു സാക്ഷിയാണു ഞാൻ. ഇതിനു പുറമേ റവന്യു ഭൂമിക്കു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അവകാശവാദം ഉന്നയിച്ചു. പഞ്ചായത്തുകളും മറ്റും ഇങ്ങനെ അവകാശവാദം ഉന്നയിച്ചാൽ നിശ്ചിത ഭൂമിയുടെ മൂന്നിരട്ടി വാസയോഗ്യമായ ഭൂമി മറ്റൊരിടത്തു നൽകിയാൽ ഇതു വിട്ടുനൽകാൻ തീരുമാനിച്ചു. സ്വകാര്യ വ്യക്തികളാണെങ്കിൽ അഞ്ചിരട്ടി ഭൂമി തരണം.

● ഭൂമിയുടെ ഗുണഭോക്താക്കളെ കണ്ടെത്തിയ രീതി?

സി ഡിറ്റ് വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണു ഗുണഭോക്താക്കളെ കണ്ടെത്തിയത്. ഇതിനായി നാലു മുൻഗണനാ മാനദണ്ഡങ്ങൾ കൊണ്ടുവന്നു. ജോലി ചെയ്തു നിത്യവൃത്തിക്കു വകകണ്ടെത്താൻ കഴിയാത്ത അഗതികൾ, മാറാരോഗം കൊണ്ട് അവശതയനുഭവിക്കുന്നവർ, 50%ൽ അധികം അംഗവൈകല്യമുള്ളവർ, വിധവകൾ, പട്ടികജാതി - വർഗ വിഭാഗങ്ങൾ (25%) എന്നിങ്ങനെയായിരുന്നു മാനദണ്ഡം.

● ഏതെല്ലാം തരത്തിലുള്ളവരാണു ഭൂമിയുടെ ഗുണഭോക്താക്കൾ?

ഒട്ടേറെ ഗുണഭോക്താക്കളെ നേരിൽ കണ്ടിട്ടുണ്ട്. പലരുടെയും ജീവിതകഥ ആരെയും വിഷമിപ്പിക്കും. സ്വന്തമായുണ്ടായിരുന്ന കൊച്ചുവീടുപോലും ചികിൽസയ്ക്കായി വിറ്റു വാടകവീടുകളിലും ബന്ധുവീടുകളിലും അഭയം തേടിയവർ, പ്രായപൂർത്തിയായ പെൺമക്കളെ താമസിപ്പിക്കാൻ ഒരു കൂര പോലുമില്ലാത്തവർ തുടങ്ങി ഇത്തരം ആളുകൾ ഒന്നല്ല, പതിനായിരക്കണക്കിനാണു നമ്മുടെ നാട്ടിലുള്ളത്.

● ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയെ അട്ടിമറിക്കാനുള്ള ശ്രമം നടക്കുന്നുണ്ടല്ലോ?

ജനപക്ഷത്തുള്ള ഇത്തരം ഒരു പദ്ധതിയെ രാഷ്ട്രീയമുതലെടുപ്പിനു ചിലർ ഉപയോഗിക്കുന്നുവെന്നതു ദുഃഖകരമാണ്. ആർക്കെല്ലാം ഭൂമി അലോട്ട് ചെയ്തുവെന്നു വെബ്സൈറ്റിൽ നോക്കിയാൽ കാണാം. ഇവർക്ക് ഒരുദിവസം ഒരു കാർഡ് ലഭിക്കുന്നു. നിങ്ങൾക്കു ഭൂമി അലോട്ട് ചെയ്തതിനാൽ പാർട്ടി ഓഫിസിൽ എത്തണമെന്നും 30 രൂപ നൽകി പേരു റജിസ്റ്റർ ചെയ്യണമെന്നുമാണു കാർഡിലുള്ളത്. പാവപ്പെട്ട ഗുണഭോക്താക്കളെ സാമ്പത്തികമായി ചൂഷണം ചെയ്യുന്നതിനോടൊപ്പം മറ്റു ചില ലക്ഷ്യങ്ങളും ഇതിനു പിന്നിലുണ്ടാകും. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഒരുരൂപ പോലും ആരും ആർക്കും നൽകേണ്ടതില്ല.

● പദ്ധതി നടപ്പാക്കുമ്പോഴുള്ള നല്ല അനുഭവങ്ങൾ?

ഭൂമിക്കു വേണ്ടി മാതാപിതാക്കളോടുപോലും മക്കൾ യുദ്ധം ചെയ്യുന്ന ഇക്കാലത്തു പാവങ്ങൾക്കായി ഭൂമി ദാനം ചെയ്യാൻ പലരും സ്വമേധയാ മുന്നോട്ടുവന്നു. മൊകേരിയിലെ വില്ലേജ് ഓഫിസർ നസീമ മൂന്നു സെന്റ് ഭൂമി വിട്ടുനൽകിയപ്പോൾ മിണാലൂർ വില്ലേജ് ഓഫിസർ ഗീവറിന്റെ ഭാര്യ ബിന്ദു തൃശൂരിൽ മൂന്നു സെന്റ് വിട്ടുനൽകി. പത്തനംതിട്ട തുരുത്തിക്കാട്ടെ കെ.എ. വർഗീസ് 29.6 സെന്റ് സ്ഥലമാണു വിട്ടുനൽകിയത്. ഇത്തരം നല്ല മനുഷ്യർ നമുക്കിടയിലുണ്ട്.

● പദ്ധതിയുടെ ഒന്നാംഘട്ടം നിശ്ചയിച്ച സമയത്താണോ പൂർത്തിയാകുന്നത്?

ഓഗസ്റ്റ് 15ന് അകം ഒരുലക്ഷം പേർക്കുള്ള പട്ടയവിതരണം നടത്തണമെന്നായിരുന്നു ആഗ്രഹം. എന്നാൽ, മഴക്കെടുതിമൂലം സർവേ നടപടികളും മറ്റും പൂർത്തിയായില്ല. സമീപകാലത്തുണ്ടായ രാഷ്ട്രീയപ്രതിസന്ധിയും ഇതിനെ ബാധിച്ചു. നേതൃമാറ്റം ഉണ്ടാകുമെന്ന ധാരണയിലായിരുന്നു പല ഉദ്യോഗസ്ഥരും. ഫലത്തിൽ രണ്ടുമാസത്തോളം ഒന്നും നടന്നില്ല. ഏറ്റെടുത്ത സ്ഥലങ്ങളിൽ ചിലതു കോടതിവ്യവഹാരങ്ങളിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ ഗൗരവാവസ്ഥ കോടതിയെ ബോധ്യപ്പെടുത്തിയിട്ടുണ്ട്.